## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 737 — 09.08.2017-ൽ മറുപടിയ്ക്ക്

# ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിയിൽപ്പെട്ടവർ എം.എൽ.എ. മുഖേന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അതിന്മേൽ ഉണ്ടാകുന്ന തീരുമാനം എം.എൽ.എ.യെ അറിയിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; | (എ) & (ബി) | സംവിധാനം നിലവിലുണ്ട്. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഓഫിസിൽ എം.എൽ.എ.മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് അതത് എം.എൽ.എമാരെ രേഖാമൂലം അറിയിക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ അപേക്ഷയിന്മേലുള്ള തീരുമാനം എം.എൽ.എ.യെ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ; | | |
| (സി) | ചികിത്സാ സഹായത്തിനുള്ള അപേക്ഷയിൽ തീരുമാനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാനുള്ള ഇടപെടൽ ഉണ്ടാകുമോ? | (സി) | ചികിത്സാ സഹായത്തിനായുള്ള അപേക്ഷകളിൽ കഴിവതും വേഗം തീരുമാനമെടുത്തു വരുന്നു. ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ